Janayugom 29-09-18, P-12

# പോളി ഹൗസിലെ ജൈവ പയർ കൃഷിയിൽ യുവകർഷകന്റെ വിജയഗാഥ

**സന്ദീപ് രാജാക്കാട്**



രാജാക്കാട്: പോളി ഹൗസിനുള്ളിൽ വ്യത്യസ്തമായ രീതിയിൽ ജൈവ പയർ കൃഷി നടത്തി വിജയം കണ്ടിരിക്കുകയാണ് ബൈസൺവാലി മുല്ലക്കാനം സ്വദേശിയായ ആന്റോയെന്ന കർഷകൻ.

പത്തു സെന്റ് സ്ഥലത്ത് ഹോർട്ടികോർപ്പിന്റെ സഹായത്തോടെ നിർമ്മിച്ചിരിക്കുന്ന പോളി ഹൗസിലാണ് ആന്റോയുടെ വിജയകരമായ ജൈവ പയർകൃഷി. കനത്ത കാലവർഷത്തിൽ ഹൈറേഞ്ചിലെ കാർഷിക മേഖല പാടേ തകർന്നപ്പോഴും ഈ കർഷകന് നഷ്ടങ്ങൾ നേരിടേണ്ടി വന്നില്ല. കാരണം പോളി ഹൗസിനുള്ളിലെ പയർ കൃഷി സുരക്ഷിതമായിരുന്നു.

ജൈവ കൃഷിയുടെ പ്രാധാന്യം മനസിലാക്കിയ ആന്റോ മൂന്ന് വർഷം മുമ്പാണ് ഹോർട്ടികോർപ്പിന്റെ സഹായത്തോടെ പോളി ഹൗസ് നിർമ്മിച്ച് ഇതിനുള്ളിൽ കൃഷി ആരംഭിച്ചത്. ഏഴര ലക്ഷം രൂപയാണ് പോളി ഹൗസ് നിർമ്മിക്കുന്നതിന് മുടക്കിയത്. ഇതിൽ എഴുപത് ശതമാനവും ഹോർട്ടി കോർപ്പ് സബ്സിഡി നൽകിയതാണ്. ഹോർട്ടി കോർപ്പ് തന്നെയാണ് തികച്ചും ജൈവരീതിയിൽ നടത്തുന്ന കൃഷിക്ക് എല്ലാവിധ മാർഗനിർദ്ദേശങ്ങളും നൽകുന്നത്.

മികച്ച വിളവ് ലഭിക്കുന്ന നാംതാരി,മീറ്റർ പയർ എന്നിവയാണ് ഇവിടെ കൃഷി ചെയ്തിരിക്കുന്നത്. പ്രതിവർഷം ഒന്നര ലക്ഷത്തോളം രൂപ പയർകൃഷിയിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ടെന്നും രാജാക്കാട് ഇക്കോ ഷോപ്പ് വഴി ഇടനിലക്കാരുടെ ചൂഷണം ഇല്ലാതെ തന്നെ വിപണനം നടത്താൻ കഴിയുന്നുണ്ടെന്നും ആന്റോ പറയുന്നു. നിലവിൽ ഒരു കിലോഗ്രാം പയറിന് 70 രൂപ വരെ വില ലഭിക്കുന്നുണ്ട്. ആഴ്ച്ചയിൽ 200 കിലോയിലധികം വിളവുമുണ്ട്. വിത്ത് വച്ച് 45 മുതൽ 60 ദിവസത്തിനുള്ളിൽ വിളവെടുക്കുവാൻ കഴിയുന്നതിന് പുറമേ ആറ് മാസത്തോളം തുടർച്ചയായി വിളവും ലഭിക്കും എന്നതാണ് മറ്റ് കൃഷികളെ അപേക്ഷിച്ച് പോളി ഹൗസിനുള്ളിലെ പയർ കൃഷിയുടെ പ്രത്യേകത.

വരും വർഷത്തിൽ തന്നെ കൃഷി വിപുലപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഈ കർഷകൻ. കൃഷിക്ക് എല്ലാവിധ സഹായങ്ങളുമായി ഭാര്യ ബെറ്റിയും ഒപ്പമുണ്ട്.